പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 6109

20.11.2019 ലെ മറുപടിയ്ക്ക്.

**മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ മികവിന്റെ കേന്ദ്രമായി ഉയർത്തുന്ന പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എം.ആർ.എസ് കൾ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന്റെ ഭാഗമായി പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് "തെളിമ" എന്ന പരിപാടിയിലൂടെ ക്ലാസ് സമയത്തിനു പുറമേ മലയാളം, ഗണിതം, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾക്ക് പരിശീലനം നൽകുന്നുണ്ട്. കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ASAP പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി പ്രകാരം നടത്തപ്പെടുന്ന എല്ലാ പദ്ധതികളും എം.ആർ.എസിൽ നടക്കുന്നുണ്ട്. ഓരോ വിദ്യാർത്ഥിയുടേയും പഠന നിലവാരം വിഷയാടിസ്ഥാനത്തിൽ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. കൂടാതെ S.S.L.C വിദ്യാർത്ഥികൾക്ക് പ്രത്യേക പഠന ക്ലാസ്സുകളും രാത്രികാല ക്ലാസ്സുകൾക്കായി റസിഡന്റ് ട്യൂട്ടർമാരെ കരാർ അടിസ്ഥാനത്തിൽ ഓരോ അധ്യയന വർഷവും നിയമിക്കുന്നു. മുഴുവൻ വിദ്യാർത്ഥികളെയും വിജയത്തിലെത്തിക്കാൻ ഇതുവഴി സാധ്യമാകുന്നു. കൂടാതെ സർക്കാർ ഏജൻസികളുടെ സഹായത്തോടെ മോറൽ വാല്യൂ ക്ലാസ്സുകൾ, മോട്ടിവേഷൻ ക്ലാസ്സുകൾ, വ്യക്തിത്വ വികസന ക്ലാസ്സുകൾ, ലിറ്റിൽ കൈറ്റ്, ഹലോ ഇംഗ്ലീഷ് പ്രോഗ്രം എന്നിവ നൽകി വരുന്നു. മാനേജർ കം റസിഡന്റ് ട്യൂട്ടർ വിദ്യാർത്ഥികളുടെ പഠനത്തിന് മേൽനോട്ടം വഹിക്കുന്നു. വിദ്യാർത്ഥികളുടെ മാനസിക സംഘർഷം കുറയ്ക്കുന്നതിനായി കലാ കായിക വിനോദങ്ങളിൽ പങ്കാളികളാക്കുന്നു. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ദിനാചരണങ്ങൾ, കലോത്സവങ്ങൾ എന്നിവ സംഘടിപ്പിച്ച് അവരെ സാമൂഹികമായ ഇടപെടലുകൾക്ക് പ്രാപ്തരാക്കുന്നു. ഭാരതത്തിന്റെ ഭൂമിശാസ്ത്രം നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനായി ദക്ഷിണേന്ത്യൻ പര്യടനം നടപ്പിലാക്കുന്നു. എല്ലാ എം.ആർ.എസ് കളിലും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിലെ മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനുള്ള പദ്ധതിയുടെ വിശദാംശം അനുബന്ധം - 1 ൽ ചേർത്തിരിക്കുന്നു. |
| (ബി) | മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പു വരുത്തുന്നതിനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | (ബി) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മുഴുവൻ എം.ആർ.എസിലെ വിദ്യാർത്ഥികൾക്കും താമസിക്കുന്നതിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ ഹോസ്റ്റൽ സൗകര്യം നിലവിലുണ്ട്. സ്കൂളും ഹോസ്റ്റലും സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വിദ്യാർത്ഥികൾക്ക് എല്ലാ സൗകര്യങ്ങളോടുംകൂടിയ സ്കൂൾ സംവിധാനമാണ് എം.ആർ.എസ് കളിൽ ഒരുക്കിയിട്ടുള്ളത്. എല്ലാ ആർ.എം.എസുകളും ഹൈടെക് ആക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. വിദ്യാർത്ഥികൾക്ക് ആവശ്യമായ ഫർണിച്ചറുകൾ, കമ്പ്യൂട്ടർ ലാബുകൾ, ലൈബ്രറി സോളാർ സിസ്റ്റം, സി.സി.ടി.വി എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. എല്ലാ എം.ആർ.എസ് കളിലും കൊതുകുവലകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗവികസന വകുപ്പിന് കീഴിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ നിർമ്മാണം, നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ, ടോയ്‌ലറ്റ് നിർമ്മാണം, കുടിവെള്ള പദ്ധതികൾ, ബഞ്ച്, കട്ടിൽ, ഡസ്ക്, തുടങ്ങിയ ഫർണീച്ചറുകൾ നൽകൽ മറ്റ് അവശ്യ ഉപകരണങ്ങളായ കമ്പ്യൂട്ടർ, എൽ.സി.ഡി.ടി.വി. എന്നിവയും ലഭ്യമാക്കുന്നുണ്ട്. കൂടാതെ റസിഡൻഷ്യൽ സ്കൂളുകൾ ആധുനിക വത്ക്കരിക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി, സ്കൂൾ റേഡിയോ, ലാംഗ്വേജ് ലാബ്, കംപ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ് റൂം, അഗ്നി പ്രതിരോധ സംവിധാനം, ഔട്ട് ഡോർ ഫിറ്റ്നസ് സെന്റർ, മൾട്ടി പർപ്പസ് സിന്തറ്റിക് ട്രാക്ക്, നാപ്കിൻ വെന്റിംഗ് മെഷീൻ, ജല ശുദ്ധീകരണ പദ്ധതി, ഖരദ്രാവക മാലിന്യ സംസ്കരണ പ്ലാന്റ്, മിന്നൽ രക്ഷാ ചാലകം, മിനിമാസ് ലൈറ്റ്, സോളാർ പവർ പ്ലാന്റ് സി.സി.ടി.വി, സ്റ്റീം ബേയ്സ്ഡ് കിച്ചൻ, വാട്ടർ പ്യൂരിഫയർ എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്കൂളിലെ കുട്ടികളുടെ സുരക്ഷാസംവിധാനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ; | (സി) | പട്ടികജാതി വികസന വകുപ്പിനു കീഴിലെ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ സുരക്ഷാ സംവിധാനത്തിന്റെ ഭാഗമായി ഹോസ്റ്റൽ കെട്ടിടത്തിന് ചുറ്റു മതിൽ നിർമ്മിച്ചിട്ടുണ്ട്. വാച്ച്മാൻ ക്യാബിൻ, ഗേറ്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ കൂടുതൽ ശ്രദ്ധിക്കുന്നതിനായി മാനേജർ കം റസിഡന്റ് ട്യൂട്ടറെ (MCRT) കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. കൂടാതെ രണ്ട് ആയമാരുടെ സേവനവും ലഭ്യമാണ്. അനാവശ്യമായി പുറത്തേക്ക് കടന്നു പോകാതിരിക്കാൻ വാച്ച്മാൻ ശ്രദ്ധിക്കുന്നുണ്ട്. ഹോസ്റ്റൽ സ്കൂൾ പരിസരങ്ങളിൽ സി.സി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കുട്ടികൾക്ക് ഏതെങ്കിലും അസുഖം ബാധിച്ചാൽ ജീവനക്കാർ/ അദ്ധ്യാപകർ ആശുപത്രിയിൽ കുട്ടികളെ എത്തിക്കുന്ന സംവിധാനമുണ്ട്.<br>മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികളുടെ സുരക്ഷാ സംവിധാനം മെച്ചപ്പെടുത്തുന്നതിനായി അഗ്നി പ്രതിരോധ സംവിധാനം, മിന്നൽ രക്ഷാ ചാലകം, മിനിമാസ് ലൈറ്റ്, സി.സി.ടി.വി എന്നിവ സ്ഥാപിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സ്കൂളിൽ നിന്നും കുട്ടികളെ കാണാതായ സംഭവങ്ങൾ ഈയിടെയുണ്ടായിട്ടുണ്ടോ; വെളിപ്പെടുത്താമോ | (ഡി) | പട്ടികവർഗ്ഗവികസന വകുപ്പിനു കീഴിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിലെ കുട്ടികൾ സ്ഥാപന മേധാവിയുടെ മുൻകൂർ അനുവാദമില്ലാതെ സ്വന്തം വീടുകളിലേക്ക് പോകുന്നതിന് ശ്രമിക്കുകയും ആയത് ശ്രദ്ധയിൽപ്പെട്ട ഉടൻ ടി വിദ്യാർത്ഥികളെ സ്ഥാപനത്തിലേക്ക് മടക്കി കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. |
| (ഇ) | പ്രസ്തുത സ്കൂളുകളിലെ കുട്ടികളുടെ വ്യക്തിത്വവികസനത്തിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോ; 2018-19 ലെ ബജറ്റിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് എത്ര തുക വകയിരുത്തിയെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | (ഇ) | പട്ടികജാതി വികസന വകുപ്പിനു കീഴിലെ എം.ആർ.എസുകളിലെ വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനത്തിനായി കൗൺസിലിംഗ് ക്ലാസ്സുകളും മോട്ടിവേഷൻ ക്ലാസ്സുകളും നിലവിൽ നൽകി വരുന്നുണ്ട്. ടി വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. എം.ആർ.എസ്സുകളുടെ പ്രവർത്തനങ്ങൾക്കായി 2018-19 വർഷം 15 കോടി രൂപ വകയിരുത്തിയിരുന്നു. 13.57 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗ വികസനവകുപ്പിനു കീഴിലെ എം.ആർ.എസുകളുടെ വിവരം അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.<br>2018-19 സാമ്പത്തിക വർഷം മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പിനായി 2225-02-277-49 - Management cost for the Running Model Residential Schools/Ashramam Schools - 34-Oc (Plan) എന്ന ശീർഷകത്തിൽ 47,82,20,000/- രൂപ വകയിരുത്തിയിരുന്നു. ആയതിൽ 42,91,23,186/- രൂപ ചെലവഴിച്ചിട്ടുണ്ട്,. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

## മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രമായി ഉയത്തുന്നതിന് പട്ടികവർഗ വികസന വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ

### സ്മാർട്ട് ക്ലാസ്സ്റൂം

വകുപ്പിന് കീഴിലുള്ള 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ആധുനിക പഠനരീതിയുടെ ഭാഗമായി പഠനപ്രക്രിയ ആയാസരഹിതവും ആനന്ദകരവുമാക്കുന്നതിനായി 30 സ്മാർട്ട് ക്ലാസ്സ്റൂം സജ്ജീകരിച്ചിട്ടുണ്ട്. +2 തലം വരെയുള്ള 12 സ്കൂളുകളിൽ 2 വീതം സ്മാർട്ട് ക്ലാസ്സ്റൂമുകളും 10 വരെയുള്ള സ്കൂളുകളിൽ ഒരു സ്മാർട്ട് ക്ലാസ്സ് റൂമുമാണ് സജ്ജീകരിച്ചിട്ടുള്ളത്.

### കംപ്യൂട്ടർ ലാബ്

വകുപ്പിന് കീഴിലുള്ള എല്ലാ എം.ആർ.എസ്സുകളിലും ഒരേ സമയം 40 കുട്ടികൾക്ക് കംപ്യൂട്ടറുകൾ ഉപയോഗിക്കുവാൻ കഴിയുന്ന രീതിയിൽ കംപ്യൂട്ടർ ലാബ് സജ്ജീകരിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി ക്ലാസ്സുകൾ നിലവിലുള്ള സ്കൂളുകളിൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കായി പ്രത്യേക കംപ്യൂട്ടർ ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട്.

### സയൻസ് ലാബ്

വകുപ്പിന് കീഴിലുള്ള 18 എം.ആർ.എസ്സുകളിൽ സയൻസ് ലാബ് സജ്ജീകരിച്ചിട്ടുണ്ട്.

### ലാംഗ്വേജ് ലാബ്

വകുപ്പിന് കീഴിലുള്ള 18 എം.ആർ.എസ്സുകളിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഗ്രഹണ ശക്തിയും ഉച്ചാരണവും മെച്ചപ്പെടുത്തുന്നതിനായി വിവിധ ഭാഷകളിലുള്ള നൈപുണ്യം വികസിപ്പിക്കുന്നതിനുമായും ലാംഗ്വേജ് ലാബ് സജ്ജീകരിച്ചിട്ടുണ്ട്.

### സ്കൂൾ റേഡിയോ

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള എം.ആർ.എസുകളിലെ വിദ്യാർത്ഥികളുടെ കമ്മ്യൂണിക്കേഷൻ സ്കിൽ വികസിപ്പിക്കുന്നതിനും വിദ്യാർത്ഥികളുടെ ആത്മവിശ്വാസം, വ്യക്തിത്വം, ആശയ വിനിമയം എന്നിവ വളർത്തിയെടുക്കുന്നതിനും വിജ്ഞാനപ്രദമായ രീതിയിൽ അദ്ധ്യയനം നടത്തുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള 16 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സ്ക്കൂൾ റേഡിയോ സ്ഥാപിച്ചിട്ടുണ്ട്.

അനുബന്ധം 2

## കരിയർ ഗൈഡൻസ് & കൗൺസലിംഗ്

പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ഹോസ്റ്റലുകളിലും ഹൈസ്കൂൾ മുതൽ +2 തലം വരെ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് അനുയോജ്യമായ മേഖലയിൽ തുടർ പഠനം നടത്തുന്നതിനാവശ്യമായ മാർഗനിർദ്ദേശം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ടി മേഖലയിലെ വിദഗ്ദ്ധരായ അധ്യാപകരാണ് വിദ്യാർത്ഥികൾക്കനുയോജ്യമായ മാർഗനിർദ്ദേശം നൽകുന്നത്. കൂടാതെ വിദ്യാർത്ഥികൾക്ക് ശുഭാപ്തിവിശ്വാസം ജീവിതമൂല്യങ്ങൾ എന്നിവ വളർത്തുന്നതിനും സ്വഭാവ രൂപീകരണം നടത്തുന്നതിനുമായി കൗൺസിലിംഗ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. എസ്.എസ്.എൽ.സി. +2 വിദ്യാർത്ഥികളുടെ വാർഷിക പരീക്ഷക്ക് തയ്യാറെടുക്കുമ്പോളുണ്ടാകുന്ന മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനും പ്രത്യേക കൗൺസിലിംഗ് ഇതോടൊപ്പം നടത്തിവരുന്നുണ്ട്.

പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള എം.ആർ.എസ്-കളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ വിവിധ രീതിയിലുള്ള സ്വഭാവ വൈകാരിക മാനസികപ്രശ്നങ്ങൾക്ക് വിദഗ്ദ്ധ പരിചരണം ഉറപ്പ് വരുത്തുന്നതിനും മോട്ടിവേഷൻ നൽകുന്നതിനും ടി ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ എന്ന പദ്ധതി വനിതാശിശു വികസന വകുപ്പുമായി ചേർന്ന് നടപ്പിലാക്കി വരുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിന് 35,9,250/- രൂപ കൈമാറിയിട്ടുണ്ട്.

## കരിയർ ഗൈഡൻസ് സെൽ

എം.ആർ.എസ്. ലെ വിദ്യാർത്ഥികളുടെ അഭിരുചികൾ മനസ്സിലാക്കി തുടർ പഠനത്തിന് അനുയോജ്യമായ വിവിധ കോഴ്സുകളെക്കുറിച്ച് ബോധവത്കരണം നടത്തുക. അവർക്കിണങ്ങിയ മേഖലയിൽ തുടർപഠനം നടത്തുന്നതിന് അവരെ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് മുഖ്യ ലക്ഷ്യം.

## എം.ആർ.എസുകളിലും ഹോസ്റ്റലുകളിലും ട്യൂട്ടർമാരുടെ സേവനം

ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളെ പഠനത്തിൽ സഹായിക്കുന്നതിനായി ട്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്. സ്കൂൾ സമയം കഴിഞ്ഞുള്ള സമയങ്ങളിലും അവധി ദിവസങ്ങളിലും അന്തേവാസികളുടെ പഠന കാര്യങ്ങളിൽ സഹായിക്കുക, ടി വിദ്യാർത്ഥികളെ അച്ചടക്കത്തോടും ചിട്ടയോടും കൂടി ആയിരിക്കുന്നതിന് വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുക എന്നിവ ട്യൂട്ടർമാരുടെ ചുമതലയാണ്.

സെക്ഷൻ ഓഫീസർ